# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 12-03-2013

## അധ്യാപക പരിശീലനങ്ങൾ നിർത്തിവയ്ക്കണം

**കെ.എസ്.ടി.എ**

പരീക്ഷകൾ ആരംഭിക്കുന്ന ഘട്ടത്തിൽ നടക്കുന്ന അധ്യാപക പരിശീലനങ്ങൾ നിർത്തിവെയ്ക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. സ്കൂളുകളിൽ വിവിധ ഏജൻസികൾ നിരവധി പരിശീലനങ്ങൾ നടത്തുകയാണ്. ഐ.ടി., ക്ലസ്റ്ററുകൾ, മില്ലേനിയം, എസ്.എസ്.എ യുടെ വിവിധ മേളകൾ തുടങ്ങിയവ പരീക്ഷകൾ നടക്കുന്ന സമയത്താണ് നടക്കുന്നത്. മാർച്ചിനുമുമ്പ് ഫണ്ട് ചെലവാക്കുകയാണ് ലക്ഷ്യം. 5 കോടി രൂപ പരിശീലനത്തിനായി പ്ലാൻ ഫണ്ടുള്ള ഹയർസെക്കന്ററിയിൽ പൊതുപരീക്ഷയ്ക്ക് തൊട്ടുമുൻപാണ് പരിശീലനം ആരംഭിച്ചത്. എസ്.സി.ഇ.ആർ.ടി യുടെ വീഴ്ചയാണെന്നാണ് ഹയർസെക്കന്ററി ഡയറക്ടർ പറയുന്നത്. എസ്.എസ്.എ യിൽ വിവിധ ഭാഷകളുടെ സ്കൂൾതല ഫെസ്റ്റുകൾ നടക്കുകയാണ്. കോടിക്കണക്കിന് രൂപ ധൂർത്തടിക്കുന്ന തരത്തിലാണ് ഈ പ്രവർത്തനങ്ങൾ. മധ്യവേനലവധിക്കാലത്ത് പരിശീലനം നടത്താനാണ് സംഘടനകളും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിർദ്ദേശിച്ചത്. ഇതൊന്നും അംഗീകരിക്കാതെ സ്കൂളുകളുടെ പ്രവർത്തനം അലങ്കോലമാക്കാനുള്ള പ്രവർത്തനങ്ങളുമായി വിദ്യാഭ്യാസരംഗത്തെ വിവിധ പ്രോജക്ടുകൾ പ്രവർത്തിക്കുകയാണ്. ഇത്തരം പരിശീലനങ്ങളുമായി അധ്യാപകർക്ക് സഹകരിക്കാൻ കഴിയില്ല. അഴിമതിക്ക് വഴിയൊരുക്കുകയും ഫണ്ട് ധൂർത്തടിക്കുകയും ചെയ്യുന്ന പരിശീലനങ്ങൾ അടിയന്തിരമായി നിർത്തിവെയ്ക്കണം. പരീക്ഷയടുത്തിരിക്കുന്ന ഘട്ടത്തിൽ സ്കൂളുകളുടെ പ്രവർത്തനങ്ങളെ താളംതെറ്റിക്കുന്ന തരത്തിലുള്ള അധ്യാപക പരിശീലനങ്ങളുമായി കെ.എസ്.ടി.എ സഹകരിക്കില്ലെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ അറിയിച്ചു.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി